(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി) കൗമാരക്കാരായ പെൺകുട്ടികളുടെ മാനസികവും, ശാരീരികവും, സാമൂഹ്യപരമവുമായ പുരോഗതിയും, സമൂഹത്തിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയുമാണ് "കരുത്ത്" എന്ന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്ക് എതിരെ സ്വയം ചെറുത്തു നില്പിനായി ആയോധന കലകളായ കരാട്ടെ, തായ്ക്കൊണ്ടാ, കുങ്ഫു തുടങ്ങിയവ സ്കൂളുകളിൽ "കരുത്ത്" പദ്ധതിയുടെ ഭാഗമായി അഭ്യസിപ്പിക്കുന്നു.

(സി) 2014-15 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് 40 സ്കൂളുകളിൽ കരുത്ത് പദ്ധതി നടപ്പിലാക്കി. ഈ അദ്ധ്യയന വർഷം 41 വിദ്യാഭ്യാസ ജില്ലകളിലെ സ്കൂളുകളിൽ അതായത് ഒരു വിദ്യാഭ്യാസ ജില്ലയിൽ രണ്ട് 82 സ്കൂളുകൾ എന്ന ക്രമത്തിൽ ഒരു സ്കൂളിൽ നിന്നും 50 കുട്ടികൾക്ക് വീതം 40 ദിവസത്തെ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാഭ്യാസ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം

29 (*569) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പൂർണ്ണായി കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെയും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ച് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെയും ആദ്യപടിയായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ 4 സെക്ഷനുകളിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിൽ വന്നുകഴിഞ്ഞു. മറ്റു സെക്ഷനുകൾ ഇ-ഫയലിംഗിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിലും, മേഖലാ ഓഫീസുകളിലും, തൊഴിലധിഷ്ഠിത ഹയർസെക്കന്ററി ഡയറക്ടറേറ്റിലും ഇ-ഫയലിംഗ് നടപ്പിലാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതിനുശേഷം ഇ-ഫയലിംഗിനുള്ള നടപടികൾ തുടരും. തൊഴിലഡിസ്ഥിത ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും പ്രസ്തുത പദ്ധതിയുടെ സോഫ്റ്റ്വെയർ കമ്പ്യൂട്ടർ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യുകയും സെക്ഷൻ തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇ-ഫയലിംഗിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം

30 (*570) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ വൻതോതിൽ ദുരുപയോഗം ചെയ്യപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഉയർന്ന ഉല്പാദനച്ചെലവുള്ള ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ അത് അർഹരായവരിൽ എത്താതിരിക്കാൻ ശ്രമിക്കുകയും, അവരുടെ പേരിൽ കൂടുതൽ ധാന്യങ്ങൾ വിതരണശൃംഖലയിൽ എത്തിച്ച് മറിച്ചു വിറ്റ് വൻലാഭം കൊയ്യുകയും ചെയ്യുന്ന മാഫിയ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അർഹരായവർക്ക് മാത്രം സബ്സിഡി നിരക്കിലെ ഭക്ഷ്യ ധാന്യങ്ങളും, പഞ്ചസാര, മണ്ണെണ്ണ എന്നിവയും കൃത്യമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനും, അനർഹരുടെ പേരിലെ ധാന്യം വൻതോതിൽ മറിച്ചുവിറ്റ് കൊള്ളലാഭം നേടുന്നത് തടയാനും, ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly